(ഡി) കുട്ടനാട് പാക്കേജിന്റെ പരിധിയിൽവരുന്ന പ്രദേശങ്ങളിൽ മാത്രം കന്നുകാലികളെ വിതരണം ചെയ്യണമെന്ന് താൽപ്പര്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിരുന്നു

(ഇ) പദ്ധതി നടത്തിപ്പിനായി ഉപഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ കുട്ടനാട് പാക്കേജിന്റെ പരിധിയിൽ നിന്നുമായിരിക്കണം എന്ന് ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കും ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഉദ്ഘാടന പരിപാടിക്കായി പ്രത്യേക ഫണ്ട് വിനിയോഗിച്ചിട്ടില്ല. ക്ഷീരമേഖലയിൽ ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ പരിചയപ്പെടുത്തൽ, അകിടുവീക്ക രോഗനിയന്ത്രണ സെമിനാർ തുടങ്ങിയ പരിപാടികളോടൊപ്പം കുട്ടനാട് പാക്കേജിന്റെ ഉദ്ഘാടനംകൂടി നടത്തുകയാണുണ്ടായത്.

മൃഗസംരക്ഷണ വകുപ്പിന്റെ വയനാട് ജില്ലയിലെ പദ്ധതി പ്രവർത്തനം

124 (190) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലു വർഷങ്ങളിൽ മൃഗസംരക്ഷണ മേഖലയിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പുതിയ പരിപാടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ നാലു വർഷങ്ങളിൽ മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി വയനാട് ജില്ലയിൽ നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(സി) 2010-11 ഉൾപ്പെടെയുള്ള കഴിഞ്ഞ നാലുവർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പുവഴി ഓരോ വർഷവും വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കുതല വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കഴിഞ്ഞ നാലുവർഷങ്ങളിൽ മൃഗസംരക്ഷണമേഖലയിൽ വയനാട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പരിപാടികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ 4 വർഷങ്ങളിൽ നടപ്പിലാക്കിയ പുതിയ പരിപാടികൾ ചുവടെ ചേർക്കുന്നു :

1. ആത്മഹത്യാ പ്രേരിത ജില്ലകളായ കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ ജില്ലകൾക്കായുള്ള പുനരധിവാസപദ്ധതിയായ വിദർഭാ പദ്ധതി.

2. രാഷ്ട്രീയ കൃഷി വികാസ് യോജനാ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

3. സംയോജിത കന്നുകാലി വികസന പദ്ധതി (ജീവരേഖ-ഒറ്റത്തവണ കേന്ദ്ര ധനസഹായ പദ്ധതി)

4. ഭക്ഷ്യസുരക്ഷാ പദ്ധതി

5. മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രത്തിന്റെ ഒറ്റത്തവണ ധനസഹായത്തോടുകൂടിയ പദ്ധതി.

6. സംരംഭക മൂലധനനിധി ഫണ്ട്.

7. കേന്ദ്ര ധനസഹായത്തോടുകൂടി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി.

8. സ്കൂളുകളിൽ അനിമൽ വെൽഫയർ ക്ലബ്.

(ബി) കഴിഞ്ഞ നാലുവർഷങ്ങളിൽ മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി വയനാട് ജില്ലയിൽ നടപ്പിലാക്കിയ പരിപാടികൾ താഴെപ്പറയുന്നു :

1. ജില്ലാ വെറ്ററിനറി കേന്ദ്രം വിപുലീകരണം 6,25,000 രൂപ.

2. വരദൂർ വെറ്ററിനറി ഡിസ്പെൻസറി കെട്ടിട നിർമ്മാണം 3,00,000 രൂപ

3. കാട്ടിമൂല വെറ്ററിനറി ഡിസ്പെൻസറി കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണം 13,00,000 രൂപ.

4. ജില്ലാ വെറ്ററിനറി കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ.

5. വയനാട് ജില്ലയിൽ പൂക്കോട് കേന്ദ്രീകരിച്ച് ഒരു വെറ്ററിനറി കോളേജ് ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ വെറ്ററിനറി സർവ്വകലാശാലയുടെ ആസ്ഥാനം പൂക്കോട് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2007-08

മാനന്തവാടി .. 3,25,672 രൂപ

ആർ.കെ.വി.വൈ. .. 23,60,000 രൂപ

വൈത്തിരി .. 6,46,704 രൂപ

ആർ.കെ.വി.വൈ. .. 23,28,000 രൂപ

ബത്തേരി .. 4,97,342 രൂപ

ആർ.കെ.വി.വൈ. .. 25,12,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2008-09

മാനന്തവാടി .. 83,72,150 രൂപ

വൈത്തിരി .. 1,04,98,350 രൂപ

ബത്തേരി .. 1,00,15,600 രൂപ

2009-10

മാനന്തവാടി .. 14,22,650 രൂപ

ആർ.കെ.വി.വൈ. .. 17,32,500 രൂപ

ഭക്ഷ്യ സുരക്ഷ .. 11,20,000 രൂപ

വൈത്തിരി .. 22,90,283 രൂപ

ആർ.കെ.വി.വൈ. .. 13,83,750 രൂപ

ഭക്ഷ്യ സുരക്ഷ .. 16,80,000 രൂപ

ബത്തേരി .. 16,98,850 രൂപ

ആർ.കെ.വി.വൈ. .. 25,08,750 രൂപ

ഭക്ഷ്യ സുരക്ഷ .. 14,00,000 രൂപ

2010-11

മാനന്തവാടി .. 52,540 രൂപ

ഐ.എൽ.ഡി.പി. .. 1,46,460 രൂപ

വൈത്തിരി .. 6,37,484 രൂപ

ഭക്ഷ്യ സുരക്ഷ .. 1,00,000 രൂപ

ഐ.എൽ.ഡി.പി. .. 1,46,460 രൂപ

ബത്തേരി .. 4,56,475 രൂപ

ഭക്ഷ്യ സുരക്ഷ .. 1,00,000 രൂപ

ഐ.എൽ.ഡി.പി. .. 13,09,780 രൂപ

വിദർഭാ പദ്ധതിയിൽ 2006-07 മുതൽ 30-11-2010 വരെ ചെലവായ തുക.

മാനന്തവാടി .. 2,96,48,350 രൂപ

വൈത്തിരി .. 3,11,47,813 രൂപ

ബത്തേരി .. 3,03,98,837 രൂപ

(ഡി) ഗ്രാമീണ പശ്ചാത്തല വികസന മൂലധനനിധിയുടെ സഹായത്തോടെ വയനാട് ജില്ലയിൽ ഒരു നൂതന അറവുശാലയും മാംസ സംസ്ക്കരണ പ്ലാന്റും സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ട് ബ്രഹ്മഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തികവർഷം 4.25 കോടി രൂപയാണ് ഇതിനുവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

പോത്തിറച്ചി സംസ്കരണ ഫാക്ടറി

125 (191) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിൽ എം. പി. ഐ. യുടെ പോത്തിറച്ചി സംസ്കരണ ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചാലക്കുടിയിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരപ്പിള്ളിയിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെയും ചെന്നൈയിലെ സഹകാര്യസഹായനമായ വെർജിൻ ഫുഡ് സർവ്വീസ്സിന്റെയും സംയുക്ത സംരംഭത്തിൽ ഒരു ഹൈടെക് മീറ്റ് പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ശുപാർശകൾ പരിശോധിച്ചു വരുന്നു.

(ബി) ഭരണാനുമതി നൽകിയതിനുശേഷമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.

കുട്ടനാട്ടിലെ മൃഗാശുപത്രികളുടെ വികസനം

126 (192) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഞ്ചരിക്കുന്ന മൃഗാശുപത്രി സംവിധാനം കുട്ടനാട്ടിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കുട്ടനാട്ടിലെ മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ രണ്ട് സഞ്ചരിക്കുന്ന മൃഗാശുപത്രികൾ നിലവിലുള്ളതിൽ ആലപ്പുഴ മോട്ടോർ ബോട്ട് വെറ്ററിനറി ഹോസ്പിറ്റലിന്റെ സേവനം കൂടുതലും കുട്ടനാട് മേഖലയിൽ കേന്ദ്രീകരിച്ചാണ്

LIBRARY ARCHIVES Kerala Legislative Assembly